സി1/585/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 07/02/2018

## സർക്കുലർ നം. 04/2018

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനങ്ങളുടെ ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നു

സൂചന: സർക്കുലർ നമ്പർ 6/1996. തീയതി 01/03/1996

ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ തീർപ്പാക്കാതെ ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ഫിനാൻസ് കമ്പനികൾക്ക് കൺഫർമേഷനായി (confirmation) കത്തയച്ചിട്ടും, ഫിനാൻസ് കമ്പനികളിൽ നിന്നും യാതൊരു പ്രതികരണവും ഇല്ലാത്തതാണ് ഇത്തരം അപേക്ഷകളുടെ പെൻഡൻസിക്ക് കാരണം എന്ന് മനസ്സിലാക്കുന്നു. 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 61(1) ഉം 1988ലെ മോട്ടോർ വാഹന നിയമത്തിലെ 51(3) വകുപ്പും കൂടിവായിച്ച പ്രകാരം മോട്ടോർ വാഹനത്തിന്മേലുള്ള ഹൈപ്പൊതിക്കേഷൻ എഗ്രിമെന്റ് , പ്രസ്തുത എഗ്രിമെന്റ് റദ്ദാക്കിയതിനുള്ള തെളിവായി ഫോം 35 മോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നിശ്ചിതഫീസും ലഭിച്ചാലുടൻ തന്നെ നിലവിലെ രജിസ്റ്ററിംഗ് അതോറിറ്റി റദ്ദാക്കി നൽകണമെന്നാണ്. കൂടാതെ അവസാനത്തെ രജിസ്റ്ററിംഗ് അതോറിറ്റിയല്ല ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെങ്കിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ വിവരം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിക്കുവാൻ മോട്ടോർ വാഹന നിയമത്തിലെ 51(3)-)ാ വകുപ്പ് നിഷ്കർഷിക്കുന്നു ഈ സാഹചര്യത്തിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഫൈനാൻസറുടെ കൺഫർമേഷനായി കാത്തു നിൽക്കാതെ ഉടനടി തീർപ്പ കല്പിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു..

ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയതിനു ശേഷം കൃത്യമായി പൂരിപ്പിച്ചതും, ഓഫീസ് അധികാരി ഒപ്പു വച്ചതുമായ ഫോം-35-ന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഫിനാൻസിയർക്ക് രജിസ്റ്റേഡ് പോസ്റ്റ് വഴി അയച്ചു നൽകേണ്ടതാണ്. ആയതിന് ഫൈനാൻസറുടെ വിലാസം എഴുതിയ ആവശ്യമായ സ്റ്റാമ്പ് പതിച്ച തപാൽ കവർ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നും ആശ്യപ്പെടേണ്ടതാണ്. കൂടാതെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയും, നിലവിലെ രജിസ്റ്ററിംഗ് അതോറിറ്റിയും വ്യത്യസ്തമാണെങ്കിൽ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ വിവരം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയെ കൂടി അറിയിക്കേണ്ടതാണ്.

ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് ഫിനാൻസിയറിൽ നിന്നും എന്തെങ്കിലും തടസ്സവാദം (objection) ലഭിക്കുകയാണെങ്കിൽ ഹൈപ്പൊതിക്കേഷൻ എഗ്രിമെന്റിലുണ്ടായിരുന്ന വാഹന ഉടമയ്ക്കെതിരെ ഹൈപ്പൊതിക്കേഷൻ റദ്ദാക്കിയ രജിസ്റ്ററിംഗ് അതോറിറ്റി ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥനാണ്. ഈ സർക്കുലർ ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഹൈപ്പൊതിക്കേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പെൻഡിംഗ് അപേക്ഷകൾ എല്ലാം തന്നെ ഒരു മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ടതാണ്.

ഒപ്പ്/-
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

7/2/18

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

07/2/2018

സ്വീകർത്താവ് : എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും